പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3033 22-02-2016-ന് മറുപടിക്ക്

**കൊയിലാണ്ടി മണ്ഡലത്തിലെ ചേമഞ്ചേരി പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക**

ചോദ്യം

**ശ്രീ.കെ. ദാസൻ**

ഉത്തരം

**ഡോ. എം.കെ. മുനീർ**
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | കൊയിലാണ്ടി മണ്ഡലത്തിൽ ചേമഞ്ചേരി പഞ്ചായത്തിൽ നിലവിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ ജീവനക്കാരില്ലാത്ത സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ഇത് കാരണം പല പദ്ധതികളുടേയും നടപടികൾ നീങ്ങാത്ത സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അടിയന്തരമായി പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറെ നിയമിക്കാൻ നടപടികൾ സ്വീകരിക്കുമോ? | ബി) | അത്തോളി ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർക്ക് പ്രസ്തുത പഞ്ചായത്തിന്റെ അഡീഷണൽ ചാർജ്ജ് നൽകിയിട്ടുണ്ട്. പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിൽ വന്നാൽ മാത്രമേ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ നികത്താൻ കഴിയൂ. അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ പി.എസ്.സി റാങ്ക് ലിസ്റ്റ് പട്ടിക നിലവിലില്ലാത്തതിനാൽ 30,000/- രൂപ പ്രതിമാസം ഹോണറേറിയം നൽകി അസിസ്റ്റന്റ് എഞ്ചിനീയർമാരെ നിയമിക്കാൻ 25-07-2015-ലെ സർക്കാർ ഉത്തരവ് നം. 2282/2015/തസ്വഭവ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ആയതിനാൽ ടി സ്ഥാപനങ്ങൾക്ക് തന്നെ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ താൽക്കാലികമായി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതും പദ്ധതി നടപടികൾ പൂർത്തിയാക്കാവുന്നതുമാണ്. |

**സെക്ഷൻ ഓഫീസർ**